**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5393** **05-07-2024 - ൽ മറുപടിയ്ക്ക്**

**തടവുകാരുടെ തൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. ടി. എ. റഹീം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മുൻതടവുകാർ, പ്രൊബേഷണർമാർ, തടവുകാരുടെ ആശ്രിതർ, അതിക്രമത്തിന് ഇരയാകുന്നവർ, യുവ കുറ്റാരോപിതർ എന്നിവർക്ക് അവരുടെ അഭിരുചിക്കനുസരിച്ച് പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മുൻതടവുകാർ, പ്രൊബേഷണർമാർ, തടവുകാരുടെ ആശ്രിതർ, അതിക്രമത്തിന് ഇരയാകുന്നവർ, യുവകുറ്റാരോപിതർ എന്നിവർക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകുകയും അതുവഴി ജോലി ഉറപ്പാക്കുകയോ അല്ലെങ്കിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി സാമൂഹ്യനീതിവകുപ്പിനു കീഴിൽ **'മിത്രം'** എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിന് ആർക്കൊക്കെ അപേക്ഷിക്കാമെന്നും ആവശ്യമായ രേഖകൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ; | (ബി) | 'മിത്രം' പദ്ധതിക്കായി മുൻതടവുകാർ, പ്രൊബേഷണർമാർ, തടവുകാരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്, കുട്ടികൾ ഇവരുടെ സംരക്ഷണത്തിൽ കഴിയുന്ന അവിവാഹിതയായ സഹോദരി), യുവ കുറ്റാരോപിതർ, അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേറ്റവർ/അവരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ് കുട്ടികൾ ഇവരുടെ സംരക്ഷണത്തിൽ കഴിയുന്ന അവിവാഹിതയായ സഹോദരി), ബോർസ്റ്റൽ സ്കൂൾ/ക്ഷേമ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പുറത്തിറങ്ങിയ 18 വയസ്സ് പൂർത്തിയായ വ്യക്തികൾ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്.<br><br><u>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u><br><br>ആധാർകാർഡ്, റേഷൻ കാർഡ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്ക്, ജയിൽ സൂപ്രണ്ടിന്റെ സാക്ഷ്യപത്രം/FIRകൺവിക്ഷൻ ഓർഡർ, ആശ്രിതരാണെന്ന് തെളിയിക്കുന്ന രേഖ (റേഷൻ |

| | | | |
|---|---|---|---|
| | | | കാർഡിന്റെ പകർപ്പ്/റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്) എന്നിവയുടെ പകർപ്പുകൾ |
| (സി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് പ്രൊബേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള സാമൂഹ്യപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കുറ്റകൃത്യങ്ങൾ കുറഞ്ഞ ഒരു സമൂഹം സൃഷ്ടിക്കുക, പല കാരണങ്ങൾ കൊണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട വ്യക്തികളെ വീണ്ടും കുറ്റകൃത്യത്തിൽപ്പെടുന്നത് തടയുക, തൊഴിൽ പരിശീലനം നൽകുന്നതിലൂടെ സ്വന്തമായി വരുമാനമാർഗം കണ്ടെത്താൻ പ്രാപ്തരാക്കുകയും അതുവഴി സാമൂഹ്യ സാമ്പത്തിക വികാസം ഉറപ്പാക്കുകയും ചെയ്യുക, കുറ്റകൃത്യങ്ങളിൽപ്പെട്ടുപോകുന്നവർക്ക് ഉചിതമായ പുനരധിവാസം സാധ്യമാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നിവയാണ് ഈ പദ്ധതികളിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ